# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5535 06.07.2012 - ൽ മറുപടിക്ക്

## ജലശുദ്ധീകരണ മാർഗ്ഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മിക്ക നഗര ശുദ്ധജല വിതരണ പദ്ധതികളുടേയും പമ്പുസെറ്റുകളും മോട്ടോറുകളും ഭാഗികമായി നാശോന്മുഖമായിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | (എ) ഏതാനും നഗരശുദ്ധജല വിതരണ പദ്ധതികളുടെ പമ്പുസെറ്റുകളും മോട്ടോറുകളും ഭാഗികമായി കേടായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നില വിലുള്ള പമ്പ് ഹൗസുകളിലെ 15 വർഷത്തിലേറെ കാലപ്പഴക്കം ചെന്നതും പ്രവർത്തനരഹിതവുമായ പമ്പു സെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകിയ പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കാലപ്പഴക്കം മൂലം പ്രവർത്തനരഹിതമായ എല്ലാ പമ്പുസെറ്റുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) നഗര പ്രദേശങ്ങളിൽ വിതരണം ചെയ്യപ്പെടുന്ന ജലം ശുദ്ധീകരിക്കുന്നതിനായി നിലവിൽ സ്വീകരിക്കുന്ന മാർഗ്ഗം നവീകരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; | (ബി) ജലം ശുദ്ധീകരിക്കുന്നതിനായി നിലവിലുള്ള മാർഗ്ഗങ്ങൾ പ്രകാരം ഇന്ത്യൻ സ്റ്റാൻഡേർഡ് അനുസരിച്ചുള്ള ഗുണനിലവാരം ഉറപ്പുവരുത്തിയാണ് കേരള വാട്ടർ അതോറിറ്റി ശുദ്ധജലവിതരണം ചെയ്യുന്നത്. പഴക്കം ചെന്ന ചില നഗര ശുദ്ധജല പദ്ധതികളിൽ പുഴയിലുള്ള ഇൻഫിൽട്രേഷൻ ഗാലറി വഴി ജലം ശേഖരിച്ച് അണുവിമുക്തമാക്കിയാണ് ജലവിതരണം ചെയ്തു വരുന്നത്. പുഴയിലെ അനധികൃതവും അനിയന്ത്രിതവുമായ മണലെടുപ്പു മൂലം ഇൻഫിൽട്രേഷൻ സംവിധാനം താറുമാറാകാൻ സാധ്യ തയുണ്ട്. ആയതിനാൽ ഇത്തരം സംവിധാനം മാറ്റി ആധുനികമായ ശുദ്ധീകരണശാല സ്ഥലലഭ്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഒറ്റപ്പാലം നഗര ശുദ്ധജല വിതരണ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും; വ്യക്തമാക്കാമോ? | (സി) ഒറ്റപ്പാലം നഗരസഭയ്ക്ക് വേണ്ടി യു.ഐ.ഡി.എസ്.എസ്.എം.ടി യിൽ ഉൾപ്പെട്ട പദ്ധതി 10/2013-ൽ കമ്മീഷൻ ചെയ്യാൻ വിഭാവനം ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ